**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 357** **27-01-2026 - ൽ മറുപടിയ്ക്ക്**

**തെരുവുനായ ശല്യം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. എ. പി. അനിൽ കുമാർ , ശ്രീ. റോജി എം. ജോൺ , ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തെരുവുനായ ശല്യം രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും ഭാഗത്തു നിന്ന് രൂക്ഷ വിമർശനം ഉണ്ടായിട്ടും തെരുവുനായ ശല്യം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | **തെരുവ് നായ ശല്യം രാജ്യത്താകെയുള്ള പ്രശ്നമാണ്. ഡൽഹിയിലുണ്ടായ തെരുവ് നായ പ്രശ്നങ്ങളാണ് ബഹു. സുപ്രീം കോടതിയുടെ ഇടപെടലിന് കാരണമായിട്ടുള്ളത്.**<br><br>**സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ വർദ്ധനവ് തടയുന്നതിലേക്കായി ബഹു. ഹൈക്കോടതിയുടെയും ബഹു. സുപ്രീം കോടതിയുടെയും നിലവിലെ ഉത്തരവുകൾ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം നിലവിൽ പ്രവർത്തിച്ച് വരുന്ന 20 എ.ബി.സി സെന്ററുകളിലും എമർജൻസി ഷെൽറ്ററിംഗ് ഫീഡിംഗ് ഫെസിലിറ്റി ആരംഭിച്ചിട്ടുണ്ട്. കൂടാതെ സ്ഥല ലഭ്യതയില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ പോർട്ടബിൾ എ.ബി.സി തുടങ്ങാനും, നിലവിലെ വെറ്റിനറി ഡിസ്പൻസറികളിൽ സ്ഥല ലഭ്യത അനുസരിച്ച് എ.ബി.സി സെന്ററുകൾ ആരംഭിക്കുന്നതിനും, ഇതിനായി പദ്ധതിയിൽ തുക വകയിരുത്തുന്നതിനും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിട്ടുണ്ട്. കൂടാതെ മെയിന്റനൻസ് നടത്തി വരുന്ന 13 എ.ബി.സി സെന്ററുകൾ ഉടനെ ആരംഭിക്കുന്നതിനും നായ്ക്കൾക്ക് സ്വകാര്യ ഏജൻസികളുടെ സഹായത്തോടെ ഷെൽറ്ററിംഗ് ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു.** |
| (സി) | തെരുവുനായ ശല്യം രൂക്ഷമാകുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ | (സി) | **നിലവിൽ മൃഗസംരക്ഷണ വകുപ്പിന്റെ മൃഗാശുപത്രികൾ മുഖേന മൃഗങ്ങളിൽ പേവിഷ പ്രതിരോധ** |

| | | | |
|---|---|---|---|
| | ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | | **കുത്തിവയ്പ്പുകൾ നടത്തി വരുന്നുണ്ട്. കൂടാതെ മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ച് തീവ്ര വാക്സിനേഷൻ യജ്ഞം നടത്തി വരുന്നു, പൊതുജനങ്ങൾക്കായി 4100 ഓളം ബോധവൽക്കരണ ക്ലാസുകൾ നടത്തിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ച് 20 ABC സെന്ററുകളിലൂടെ വന്ധ്യംകരണ ശസ്ത്രക്രിയയും, വാക്സിനേഷനും ഫലപ്രദമായി നടത്തി വരുന്നു. നിലവിൽ മെയിന്റനൻസ് നടത്തി വരുന്ന 13 എ.ബി.സി സെന്ററുകൾ ഉടനെ ആരംഭിക്കുന്നതിനും സ്ഥല ലഭ്യതയില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ പോർട്ടബിൾ എ.ബി.സി തുടങ്ങാനും നായ്ക്കൾക്ക് സ്വകാര്യ ഏജൻസികളുടെ സഹായത്തോടെ ഷെൽറ്ററിംഗ് ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്താദ്യമായി പോർട്ടബിൾ എ ബി സി യൂണിറ്റ് തിരുവനന്തപുരത്ത് നെടുമങ്ങാട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 7 ജില്ലകളിൽ കൂടി പോർട്ടബിൾ എ ബി സി യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ഫണ്ട് നടപ്പു സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയത് പ്രകാരം നടപടികൾ പുരോഗമിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ